പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 134 — 28/06/2016 ൽ മറുപടിക്ക്

ജില്ലാ ആശുപത്രി പദവി നൽകുന്നത്

| ചോദ്യം<br>ശ്രീ. പി. ഉണ്ണി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിക്ക് ജില്ലാ ആശുപത്രി പദവി നൽകുന്ന പ്രൊപ്പോസലിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ; | (എ) & (ബി) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ 250 കിടക്കകളുള്ള ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് 40 (നാൽപത്) അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അതിന് പ്രതിവർഷം 2,72,84,868/- ( രണ്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി എൻപത്തി നാലായിരത്തി എണ്ണൂറ്റി അറുപത്തിയെട്ട് രൂപ) ആവശ്യമായിട്ടുണ്ട്. ഇതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്ലാൻ / നോൺ പ്ലാൻ ഹെഡിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 'ന്യൂസർവ്വീസ് പ്രൊസീഡ്യർ' പ്രകാരം അനുവദിക്കുന്ന വിഷയം പരിശോധിച്ചിരുന്നു.<br><br>എന്നാൽ ഒറ്റപ്പാലത്ത് നിന്നും അധികം ദൂരം അല്ലാതെ (ഏകദേശം 30 km) പാലക്കാട് ജില്ല ആശുപത്രിയുള്ളതിനാലും ഒറ്റപ്പാലം താലൂക്ക് ആശുപത്രി മതിയായ സൗകര്യങ്ങളോടുകൂടി നല്ല നിലയിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിലും പ്രതിവർഷം 2കോടി രൂപ അധികം ചെലവ് വരുന്ന, ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ 250 കിടക്കകളുള്ള ജില്ലാ ആശുപത്രിയായി ഉയർത്തുന്ന ശുപാർശ പരിഗണിക്കാൻ സാധിച്ചിരുന്നില്ല. |
| (ബി) | ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി എന്ന് മാറ്റുവാൻ കഴിയും എന്ന് അറിയിക്കുമോ; അതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ